# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *149 | 08.06.2018-ൽ മറുപടിക്ക്

**മ്യൂസിയങ്ങൾ അന്തർ ദേശീയ നിലവാരത്തിലേക്ക് ഉയർത്തുവാൻ പദ്ധതി**

ചോദ്യം

പ്രൊഫ. കെ.യു.അരുണൻ
ശ്രീ.ജോൺ ഫെർണാണ്ടസ്
ശ്രീ. ഐ.ബി.സതീഷ്
ശ്രീ.കെ.ഡി.പ്രസേനൻ

മറുപടി

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് മ്യൂസിയങ്ങൾ അന്തർ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തി വരുന്നതെന്ന് വ്യക്തമാക്കാമോ ; | (എ) | പുരാവസ്തു വകുപ്പിന് കീഴിലുള്ള മ്യൂസിയങ്ങളുടെ നിലവാരം ഉയർത്തുന്നതിലേയ്ക്ക് കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ തൃപ്പൂണിത്തുറ ഹിൽപ്പാലസ് മ്യൂസിയം, നെടുമങ്ങാട് കോയിക്കൽ കൊട്ടാരം, കോഴിക്കോട് പഴശ്ശിരാജാ മ്യൂസിയം എന്നിവയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. നെടുമങ്ങാട് കോയിക്കൽ കൊട്ടാരം മ്യൂസിയത്തെ തീമാറ്റിക് ഇന്ററാക്ടീവ് തലത്തിലേക്ക് ഉയർത്തി ഇതിന്റെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്താൽ ശാസ്ത്രീയമായ പ്രദർശനവും പ്രകാശ വിന്യാസവും നടപ്പിലാക്കിക്കൊണ്ടും മ്യൂസിയം സംബന്ധമായ വിവരങ്ങൾ വിശദമാക്കുന്ന കിയോസ്കുകൾ, വീഡിയോ പ്രദർശനങ്ങൾ, ഡിസ്ക്രിപ്ഷൻ ബോർഡുകൾ, മോഡലുകൾ തുടങ്ങിയവയും ആധുനിക രീതിയിലുള്ള ഇന്ററാക്ടീവ് തീയേറ്റർ റൂമും സജ്ജീകരിച്ചുകൊണ്ടും, ഇത്തരത്തിൽ മറ്റ് മ്യൂസിയങ്ങളുടേയും നിലവാരം ഉയർത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു.<br>സംസ്ഥാനത്ത് നിലവിലുള്ള മ്യൂസിയങ്ങളുടെ നിലവാരം ഉയർത്തുന്നതിനും അവയെ അന്തർദേശീയ നിലവാരമുള്ളവയാക്കുന്നതിനുമായി സാംസ്കാരിക വകുപ്പിന്റെ കീഴിൽ 'ഇന്ററാക്ടീവ് മ്യൂസിയം ഓഫ് കൾച്ചറൽ ഹിസ്റ്ററി ഓഫ് കേരള' എന്ന സ്ഥാപനത്തെ നോഡൽ ഏജൻസിയായി പ്രഖ്യാപിക്കുകയും |

| | | | |
|---|---|---|---|
| | | | ഈ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള മ്യൂസിയങ്ങൾ നവീകരിക്കുവാനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>മ്യൂസിയം വകുപ്പിന് കീഴിൽ തിരുവനന്തപുരത്ത് സ്ഥിതി ചെയ്യുന്ന നേപ്പിയർ മ്യൂസിയം അന്തർദേശീയ നിലവാരത്തിൽ പുനഃരുദ്ധാരണം നടത്തുന്നതിനായി സർക്കാർ നിയോഗിച്ചിട്ടുള്ള വിദഗ്ധ സമിതിയുടെ നേതൃത്വത്തിൽ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നു. അതിന്റെ പ്രാരംഭ നടപടികൾക്കായി മ്യൂസിയം കെട്ടിടത്തിന്റെ കൺസർവേഷൻ നടത്തുന്നതിന് ബാംഗ്ലൂർ ആസ്ഥാനമാക്കിയുള്ള സെന്റർ ഫോർ ഹെറിറ്റേജ് ഇൻഷേറ്റീവ്സ് എന്ന ഏജൻസിയുമായി വിദഗ്ധ സമിതി യോഗം കൂടി ഡി.പി.ആർ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വയനാട് ജില്ലയിലെ കങ്കിച്ചിറയിൽ പുതുതായി ആരംഭിക്കുന്ന ഹെറിറ്റേജ് മ്യൂസിയത്തിന്റെ കെട്ടിടം നിർമ്മാണത്തിന്റെ 95% പൂർത്തിയായി കഴിഞ്ഞു. കോഴിക്കോട് ആർട്ട് ഗ്യാലറി ആന്റ് കൃഷ്ണമേനോൻ മ്യൂസിയം പുനരുദ്ധാരണം നടത്തുന്നതിന് ആദ്യഘട്ടമായി മ്യൂസിയം കെട്ടിടം നവീകരിക്കുന്നതിനുള്ള നടപടികൾ പുരാവസ്തു വകുപ്പുമായി ചേർന്ന് നടപ്പിലാക്കി വരുന്നു. തൃശ്ശൂർ സ്റ്റേറ്റ് മ്യൂസിയം മൃഗശാലയിലെ ആർട്ട് മ്യൂസിയം പുനരുദ്ധാരണം നടത്തുന്നതിന് കേരള നിർമ്മിതി കേന്ദ്രവുമായി നടപടികൾ സ്വീകരിക്കുകയും ഇതിനാവശ്യമായ എസ്റ്റിമേറ്റ് ലഭ്യമാകുകയും ചെയ്തിട്ടുണ്ട്. പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള പത്മനാഭപുരം കൊട്ടാരം യുനസ്കോയുടെ ലോകപൈതൃക പട്ടികയുടെ പ്രാഥമിക പട്ടികയിൽ ഇടം നേടിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഏതെല്ലാം മ്യൂസിയങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ; | (ബി) | മ്യൂസിയങ്ങൾ അന്തർദേശീയ നിലവാരത്തിൽ ഉയർത്തുന്നതിനുള്ള പദ്ധതികളിൽ തിരുവനന്തപുരം നേപ്പിയർ മ്യൂസിയം, നാച്ചറൽ ഹിസ്റ്ററി മ്യൂസിയം, ശ്രീചിത്രാ ആർട്ട് ഗ്യാലറി, എറണാകുളം ജില്ലാ പൈതൃക മ്യൂസിയം, ബാസ്റ്റ്യൻ ബംഗ്ലാവ്, കൊച്ചി, പാലക്കാട് ജില്ലാപൈതൃക മ്യൂസിയം, ശ്രീപാദം കൊട്ടാരം, ഫോർട്ട് തിരുവനന്തപുരം എന്നിവ ഉൾപ്പെടുന്നു. |

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്തെ മ്യൂസിയങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (സി) | മ്യൂസിയം മൃഗശാലാ വകുപ്പിന് കീഴിൽ തൃശ്ശൂർ, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിലെ സ്ഥാപനങ്ങളിലെ മ്യൂസിയങ്ങളിൽ ഭിന്നശേഷി സൗഹൃദമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മ്യൂസിയങ്ങൾ സന്ദർശിക്കുന്ന ഭിന്നശേഷിക്കാരായ സന്ദർശകർക്ക് ആവശ്യമായ സ്പെഷ്യൽ ടോയ് ലറ്റ്, റാമ്പ്, വാഹനം പാർക്ക് ചെയ്യുന്നതിനുള്ള സൗകര്യങ്ങൾ ലിഫ്റ്റ്, വീൽചെയർ എന്നീ സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.<br>പുരാവസ്തു വകുപ്പിന്റെ കീഴിലുള്ള 12 മ്യൂസിയങ്ങളിലും 7 ജില്ലാ പൈതൃക മ്യൂസിയങ്ങളിലും 6 സംരക്ഷിത സ്മാരകങ്ങളിലും ഭിന്നശേഷി സൗഹൃദ പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഇതിന്റെ ഭാഗമായി വീൽ ചെയറുകൾ, ശുചിമുറികൾ, പാർക്കിംഗ് മേഖല ക്രമീകരണങ്ങൾ എന്നിവ നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | എല്ലാ ജില്ലകളിലും അതത് ജില്ലകളുടെ ചരിത്ര പൈതൃകം വെളിപ്പെടുത്തുന്ന ജില്ലാപൈതൃക മ്യൂസിയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കി വരുന്നുണ്ടോ എന്നും എങ്കിൽ ഇതിനായി നടപ്പ് സാമ്പത്തിക വർഷം എത്ര തുക ബജറ്റിൽ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ ? | (ഡി) | പുരാവസ്തു വകുപ്പിന് കീഴിൽ എല്ലാ ജില്ലകളിലും അതാത് ജില്ലകളുടെ പൈതൃകം വിളിച്ചോതുന്ന പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകുകയും ആദ്യപടിയായി തിരുവനന്തപുരം, എറണാകുളം, തൃശ്ശൂർ, ഇടുക്കി, പത്തനംതിട്ട, പാലക്കാട്, വയനാട്, മലപ്പുറം എന്നീ ജില്ലകളിലെ ജില്ലാ പൈതൃക മ്യൂസിയങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്. ബാക്കി വരുന്ന ജില്ലകളിൽ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് മ്യൂസിയത്തിന്റെ സജ്ജീകരണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. ജില്ലാ പൈതൃക മ്യൂസിയങ്ങളുടെ സജ്ജീകരണങ്ങൾക്കായി 2018-19 സാമ്പത്തിക വർഷം 6.5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**